"ഭരണ ഭാഷ - മാതൃ ഭാഷ"

**കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ്, തിരുവനന്തപുരം**
**ചീഫ് കെമിക്കൽ എക്സാമിനറുടെ നടപടിക്രമം**

വിഷയം:- കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ്- തിരുവനന്തപുരം – മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനം-സി.എം.ഒ പോർട്ടൽ ചാർജ്ജ് ഓഫീസറെ നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം:- 28/03/2022 തീയതി പ്രകാരമുള്ള സർക്കാർ ഉത്തരവ് (സാധാ) നം.111/2022/ഉഭപവ

**ഉത്തരവ് നമ്പർ ഇ1/1293/2022/സിഇഎൽഡി, തീയതി, 11/04/2022**

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ പൊതുജനപരാതി പരിഹാര സംവിധാനത്തിന്റെ ഭാഗമായ സി.എം.ഒ പോർട്ടലിന്റെ പ്രവർത്തന നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിലേയ്ക്ക് എല്ലാ ഓഫീസുകളിലും വകുപ്പ് മേധാവിയുടെ തൊട്ടു താഴത്തെ തസ്തികയിലെ ഏറ്റവും സീനിയറായ ഓഫീസറെ സി.എം.ഒ പോർട്ടൽ ചാർജ്ജ് ഓഫീസറായി നിയമിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ പശ്ചാത്തലത്തിൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടികളിൽ കൈകാര്യം ചെയ്യുന്ന വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനത്തിന്റെ ഭാഗമായ സി.എം.ഒ പോർട്ടൽ മുഖേന ലഭിക്കുന്ന പരാതികളിൽ / അപേക്ഷകളിൽ സമയബന്ധിതമായ നടപടി സ്വീകരിച്ച് മറുപടി നൽകുന്നതിലേക്ക് സി.എം.ഒ വെബ് പോർട്ടലിന്റെ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ ചാർജ്ജ് ഓഫീസറായി തിരുവനന്തപുരം കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ ജോയിന്റ് കെമിക്കൽ എക്സാമിനർ (ഹെഡ്ക്വാർട്ടേഴ്സ്) ആയ **ശ്രീമതി.അമ്പിളി.റ്റി.എസ് (പെൻ-594927)** നെ നിയമിച്ച് ഉത്തരവാകുന്നു. എറണാകുളം, കോഴിക്കോട് റീജിയണൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളുമായി ബന്ധപ്പെട്ട് സി.എം.ഒ പോർട്ടലിൽ വരുന്ന പരാതികൾ/അപേക്ഷകൾ എന്നിവയ്ക്ക് അതത് ജോയിന്റ് കെമിക്കൽ എക്സാമിനർമാർ മറുപടി തയ്യാറാക്കി ജോയിന്റ് കെമിക്കൽ എക്സാമിനർ (ഹെഡ്ക്വാർട്ടേഴ്സ്) ന് നൽകുന്നതിനും ഇതിനാൽ നിർദ്ദേശം നൽകുന്നു.

(ആർ.ജയകുമാരൻ നായർ)
ഗവ. ചീഫ് കെമിക്കൽ എക്സാമിനർ

സ്വീകർത്താക്കൾ

1) ശ്രീമതി.അമ്പിളി.റ്റി.എസ്, ജോയിന്റ്കെമിക്കൽ എക്സാമിനർ (ഹെഡ്ക്വാർട്ടേഴ്സ്) കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി, തിരുവനന്തപുരം (സർക്കാർ ഉത്തരവ് (സാധാ) നം.111/2022/ഉഭപവ, തീയതി 28/03/2022 ന്റെ പകർപ്പ് ഉൾപ്പെടെ).

2) ഡോ.രാജലക്ഷ്മി.ആർ, ജോയിന്റ് കെമിക്കൽ എക്സാമിനർ, റീജിയണൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി എറണാകുളം. ((സർക്കാർ ഉത്തരവ് (സാധാ) നം.111/2022/ഉഭപവ, തീയതി 28/03/2022 ന്റെ പകർപ്പ് ഉൾപ്പെടെ).

3) ശ്രീ.രഞ്ജിത്.എൻ.കെ, ജോയിന്റ് കെമിക്കൽ എക്സാമിനർ, റീജിയണൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി, കോഴിക്കോട് ((സർക്കാർ ഉത്തരവ് (സാധാ) നം.111/2022/ഉഭപവ, തീയതി 28/03/2022 ന്റെ പകർപ്പ് ഉൾപ്പെടെ).

പകർപ്പ്

1. ജോയിന്റ് കെമിക്കൽ എക്സാമിനർ (ജനറൽ)
2. ഓഫീസർ ഇൻ-ചാർജ്ജ് ഓഫ് വെബ് സൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. എ.ഒ/എഫ്.ഒ/എസ്.എസ്/ജെ.എസ്
4. ചീഫ് കെമിക്കൽ എക്സാമിനറുടെ സി.എ
5. ഓഫീസ് കോപ്പി

എസ് ബി/